## പള്ളിക്കൂദാശാക്കാലം മൂന്നാം ഞായർ

**യോഹ 2:13-22**

### ദൈവത്തെ പ്രത്യക്ഷമാക്കുന്ന ആരാധന

**റവ. ഡോ. ജേക്കബ് ചാണിക്കുഴി**

യഹൂദരുടെ പ്രധാന തിരുനാൾ അവസരങ്ങളിലെല്ലാം യേശു ജെറുസലേം ദേവാലയത്തിൽ പോയിരുന്നതായി യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട്. പെസഹാത്തിരുന്നാൾ (യോഹ. 2), കൂടാരത്തിരുനാൾ (യോഹ. 7-8), പ്രതിഷ്ഠാ തിരുനാൾ (യോഹ. 10) സമയങ്ങളിൽ യേശു ദേവാലയത്തിൽ ഉണ്ടായിരുന്നതായി യോഹന്നാൻ സൂചിപ്പിക്കുന്നു. ജെറുസലേം ദേവാലയത്തോട് ഒരിക്കലും നിഷേധാത്മകമായ സമീപനമല്ല യേശുവിനുണ്ടായിരുന്നത്. എന്നിട്ടും യേശു ജെറുസലേം ദേവാലയത്തിലെ ആരാധനയ്ക്കാവശ്യമായ ബലിവസ്തുക്കളുടെയും ബലിമൃഗങ്ങളുടെയും കച്ചവടം തടസ്സപ്പെടുത്തുന്ന പ്രവൃത്തി ചെയ്യുന്നതായി നാലു സുവിശേഷങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കച്ചവടങ്ങളിലുണ്ടായിരുന്ന ചൂഷണങ്ങളോടാണ് തന്റെ ഇടപെടലിലൂടെ യേശു എതിർപ്പ് പ്രകടിപ്പിച്ചതെന്ന് വേണമെങ്കിൽ ചിന്തിക്കാം. പക്ഷേ, ആ വ്യാഖ്യാനം യോഹന്നാന്റെ സുവിശേഷത്തിലെ യേശുവിന്റെ പ്രവൃത്തിയോടു പൂർണമായും നീതി പുലർത്തുന്ന ഒന്നല്ല. ബലിമൃഗങ്ങളുടെയും നാണയമാറ്റക്കാരെയും പുറത്താക്കുക വഴി, ദേവാലയത്തിലെ ബലിയർപ്പണത്തിന്റെ സഹായകരമായ സംവിധാനങ്ങൾ അല്പനേരത്തേയ്ക്കു തടസ്സപ്പെടുന്നതിനെയല്ല, പ്രത്യുത എന്നന്നേയ്ക്കുമായി ഇല്ലാതാക്കുന്നതിനെയാണ് യേശു സൂചിപ്പിക്കുന്നത്. യേശുവിന്റെ വാക്കുകളിൽ തന്നെ ഈ അർത്ഥം വ്യക്തമാകുന്നുണ്ട്. എന്റെ പിതാവിന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത് (യോഹ. 2:16), സക്കറിയാ 14-21-ന്റെ അടിസ്ഥാനത്തിൽ യേശുവിന്റെ വാക്കുകൾക്ക് ആഴമായ അർത്ഥമുണ്ട്. ഇനിമേൽ സൈന്യങ്ങളുടെ കർത്താവിന്റെ ആലയത്തിൽ കച്ചവടക്കാർ ഉണ്ടായിരിക്കില്ല എന്നതാണ് സക്കറിയാ പ്രവാചകന്റെ പ്രവചനം. ദൈവാരാധനയ്ക്കു ബലിമൃഗങ്ങളെ വിൽക്കുന്ന കച്ചവടക്കാരുടെ ആവശ്യമില്ലാത്ത ഒരു പുതിയ ആരാധനാരീതിയാണ് സക്കറിയാ പ്രവാചകനിലൂടെ ദൈവം വെളിപ്പെടുത്തുന്നത്. ആ പുതിയ ആരാധനാരീതിയുടെ സമയം ആഗതമായിരിക്കുന്നുവെന്നതു കൊണ്ടാണ് ജെറുസലേം ദേവാലയത്തിൽ നിന്നു ബലിമൃഗങ്ങളെയും കച്ചവടക്കാരെയും യേശു പുറത്താക്കുന്നത്. യേശു തന്നെയാണ് പുതിയ ദേവാലയം (2, 21), ബലിവസ്തുവും യേശു തന്നെ (2, 17)

പ്രൗഢമനോഹരമായ ജെറുസലേം ദേവാലയത്തിലും അതിന്റെ ആരാധനാരീതികളിലും ദൃശ്യമാകുന്ന ദൈവത്തിന്റെ ഒരു ചിത്രമുണ്ട്; മഹത്ത്വപൂർണനായ സർവശക്തനായ ദൈവത്തിന്റെ ചിത്രമാണത്. മൃഗങ്ങൾ, പക്ഷികൾ, ധാന്യമണികൾ, വീഞ്ഞ്, എണ്ണ തുടങ്ങിയവ ഉപയോഗിച്ചു മനുഷ്യൻ അർപ്പിക്കുന്ന വിവിധ തരം ബലികളിൽ സംപ്രീതനായി അവന്റെ പാപങ്ങൾ ക്ഷമിക്കുകയും അവനെ അനുഗ്രഹിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രമാണത്.

എന്നാൽ ദൈവത്തിന്റെ ചിത്രം നമുക്കു പൂർണമായി വെളിപ്പെട്ടു കിട്ടുന്നത് യേശുവിലാണ്. അതു മനുഷ്യനോടുള്ള സ്നേഹത്തെ പ്രതി സ്വയം ബലിയർപ്പിക്കുന്ന ദൈവത്തിന്റെ ചിത്രമാണ്. അതു യേശുനാമത്തിൽ മറ്റുള്ളവർക്കായി നാം ചെയ്യുന്ന ഏതു ചെറിയ കാര്യവും തനിക്കു കിട്ടിയതായി പരിഗണിക്കുന്ന ദൈവത്തിന്റെ ചിത്രമാണ്. അത് ദേവാലയത്തിൽ മനുഷ്യൻ അർപ്പിക്കുന്ന മൃഗബലിയെക്കാൾ, അപരനോടു കരുണ കാണിക്കുന്നതിനുവേണ്ടി ഓരോരുത്തരും അവരവരുടെ ഉള്ളിലെ ആർത്തിയുടെയും അസൂയയുടെയും പ്രതികാരചിന്തയുടേയുമെല്ലാം മൃഗങ്ങളെ ബലികഴിക്കുന്നതിനെ കൂടുതൽ ഇഷ്ടപ്പെടുന്ന ദൈവത്തിന്റെ ചിത്രമാണ്. ഒരു വ്യക്തിയെന്ന നിലയിലും സമൂഹമെന്ന നിലയിലും നാം നടത്തുന്ന ദൈവാരാധനയും അതിന്റെ സംവിധാനങ്ങളും യേശു വെളിപ്പെടുത്തിത്തന്ന ദൈവത്തിനു നിരക്കുന്നതാണോയെന്നു നമുക്ക് ആത്മപരിശോധന ചെയ്യാം. കരുണ തന്നെയായ ദൈവത്തിന്റെ സ്വഭാവത്തിനും ആഗ്രഹത്തിനും അനുഗുണമായ യഥാർത്ഥ ആരാധനാരീതികൾ അഭ്യസിക്കാൻ നമുക്കു പരിശ്രമിക്കാം.